## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5116 23.03.2018-ൽ മറുപടിക്ക്

## ഗ്രാമീണ മേഖലയിലെ അസംഘടിത തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) ഗ്രാമീണ മേഖലകളിൽ പണിയെടുക്കുന്ന അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ; | (എ) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹധനസഹായം, പ്രസവ ധനസഹായം മരണാനന്തര ധനസഹായം, അപകടചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. ടി ബോർഡുകളിൽ അംഗങ്ങളാകുന്ന ഭൂരിഭാഗം തൊഴിലാളികളും ഗ്രാമീണ മേഖലയിൽ പണിയെടുക്കുന്നവരാണ്. ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികൾക്ക് അംഗത്വം നൽകുന്നത് ഗ്രാമീണ/നഗര വ്യത്യാസമില്ലാതെ അവരുടെ തൊഴിലിന്റെ സ്വഭാവം കണക്കിലെടുത്താണ്. |
| ബി) കേരളത്തിലെ ഗ്രാമീണ മേഖലകളിൽ പ്രതിദിനം പണിയെടുക്കുന്ന അസംഘടിത തൊഴിലാളികളുടെ കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടോ; വിശദമാക്കുമോ;<br><br>(സി) ഇവരുടെ ഉന്നമനത്തിനായി ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്; പേര് സഹിതം വിശദമാക്കുമോ? | (ബി) ഉം (സി) ഉം ലഭ്യമല്ല. അസംഘടിതരായ തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ബോർഡുകളിൽ 75 ലക്ഷത്തോളം അസംഘടിത തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മാത്രം 4,85,436 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ